15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5964 — 09-07-2024 - ൽ മറുപടിയ്ക്ക്

## ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച ബില്ലുകളുടെ തുകയ്ക്ക് പരിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്തുകളുടെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി ഫണ്ടിന്റെ മൂന്നാം ഗഡു 23.03.24ന് സർക്കാർ അനുവദിച്ചു നൽകിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ 24.03.2024-ന് ട്രഷറികളിൽ സമർപ്പിച്ചിരുന്ന ബില്ലുകൾ പൂർണമായും മാറി നൽകുകയുണ്ടായോ എന്നറിയിക്കാമോ; | (എ) | 22/03/2024-ലെ സ.ഉ.(സാധാ) നം.2858/2024/ ധന. നമ്പർ ഉത്തരവ് പ്രകാരം വികസന ഫണ്ടിന്റെ മൂന്നാം ഗഡു സർക്കാർ അനുവദിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വികസന ഫണ്ടിന്റെ മൂന്നാം ഗഡു 23/03/2024-ന് BAMS-ൽ അപ്‌ലോഡ് ചെയ്ത് നൽകുകയും ചെയ്തിരുന്നു. ഒന്നും രണ്ടും ഗഡുക്കളിൽ അവശേഷിക്കുന്ന അലോട്ട്മെന്റുകളും കൂടി ചേർത്താണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിൽ ഉൾപ്പെട്ട ബില്ലുകൾ ജനറേറ്റ് ചെയ്യുന്നത്. ട്രഷറികളിൽ സമർപ്പിക്കുന്ന പ്രസ്തുത ബില്ലുകളിലോ ബില്ലിനോടൊപ്പം സമർപ്പിക്കപ്പെടുന്ന നടപടിക്രമത്തിലോ വികസന ഫണ്ടിന്റെ മൂന്നാം ഗഡു ആണോ എന്നുള്ള വിവരം രേഖപ്പെടുത്തിയിരിക്കുകയില്ല. ആയതിനാൽ ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബില്ലുകൾ മൂന്നാം ഗഡുവിൽ ഉൾപ്പെട്ടതാണോ എന്നുള്ള വിവരം അറിയുവാൻ സാധിക്കുകയില്ല.<br><br>എല്ലാ സാമ്പത്തിക വർഷാന്ത്യത്തെയുംപോലെ കഴിഞ്ഞ മാർച്ചിലും ട്രഷറി വിനിമയങ്ങൾ സുഗമമാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ടി നിർദ്ദേശങ്ങൾക്കും തുടർ ഉത്തരവുകൾക്കും വിധേയമായി ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ സമയപരിമിതിക്കുള്ളിലും പരമാവധി മാറി നൽകുകയും ശേഷിക്കുന്നവ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. |
| (ബി) | ബില്ലുകൾ മാറി നൽകുന്നതിന്, ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച ബില്ലുകളുടെ തുകയ്ക്ക് പരിധി നിശ്ചയിച്ചുകൊണ്ട് ട്രഷറികൾക്ക് നിർദ്ദേശം എന്തെങ്കിലും നൽകിയിരുന്നോ; ഇല്ലെങ്കിൽ വലിയ തുകകൾക്കുള്ള ബില്ലുകൾ പൂർണമായും മാറി | (ബി) | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി പണഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് |

| | | | |
|---|---|---|---|
| | നൽകാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | | തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ കഴിഞ്ഞ സാമ്പത്തിക വർഷവും സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. |
| (സി) | ഗ്രാമപഞ്ചായത്തുകൾ ട്രഷറികളിൽ മാർച്ച് മാസം സമർപ്പിച്ച ക്യൂ ബില്ലുകൾ ഈ സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും കുറവ് ചെയ്യുന്ന സാഹചര്യമുണ്ടോ എന്നറിയിക്കാമോ; | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം സമയപരിമിതിയും മറ്റ് കാരണങ്ങളാലും പാസാക്കുവാൻ കഴിയാതിരുന്ന ബില്ലുകളാണ് ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷം അവസാനിച്ച പശ്ചാത്തലത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്ന് മാത്രമേ ക്യൂ ബില്ലുകൾ മാറി നൽകുവാൻ കഴിയുകയുള്ളൂ. |
| (ഡി) | എങ്കിൽ മുൻ വർഷത്തെ ബില്ലുകൾ പുതിയ സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും കുറവ് ചെയ്യാനിടയായ സാഹചര്യം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം സമയപരിമിതിയും മറ്റ് കാരണങ്ങളാലും പാസാക്കുവാൻ കഴിയാതിരുന്ന ബില്ലുകളാണ് ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷം അവസാനിച്ച പശ്ചാത്തലത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്ന് മാത്രമേ ക്യൂ ബില്ലുകൾ മാറി നൽകുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ